പന്ത്രണ്ട്

വയലാർ: ഒരു വിദൂരസ്മരണ!

1946-ലെ പുന്നപ്ര-വയലാർ സമരത്തെപ്പറ്റി, ആ സമരകാലത്തെ ആലപ്പുഴയിലെ കമ്യൂണിസ്റ്റ് പ്രമുഖന്മാരിൽ ഒരാളായിരുന്ന ശ്രീ. ടി.കെ. വർഗ്ഗീസ് വൈദ്യൻ മലയാളമനോരമ ദിനപത്രത്തിന്റെ 19-10-97-ലെ വാരാന്തപ്പതിപ്പിൽ ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചു കണ്ടു. വയലാറിനെപ്പറ്റി വീണ്ടും ഓർക്കാൻ അത് നിമിത്തമായി. വയലാറിന്റെ ആ കാലഘട്ടത്തിലെ ചില സംഭവങ്ങളുടെ സ്മരണ എന്റെ മനസ്സിലുണ്ട്. വ്യക്തിപരമായ ചില അനുഭവങ്ങളെ സംബന്ധിച്ചുള്ളത്.

വയലാർ സമരത്തിന്റെ ദിനങ്ങളിൽ കൊച്ചിൻ സ്റ്റേറ്റ് എസ്.എൻ.ഡി.പി. യോഗത്തിന്റെ തൃശൂരിലുള്ള കേന്ദ്ര ഓഫീസിൽ ഞാൻ ഒരു ഗുമസ്തനായിരുന്നു. എസ്.എൻ.ഡി.പിയുടെ ജനറൽ സെക്രട്ടറി, ശ്രീ. ടി.കെ. കുഞ്ഞയ്യപ്പൻ മാസ്റ്റർ ആയിരുന്നു. അദ്ദേഹം ധാരാളം യാത്ര ചെയ്തിരുന്നു. ഓഫീസിൽ സാധാരണ ഉണ്ടാവുക ഞാൻ മാത്രം. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി, പഠിപ്പു തുടരാതെ, ജോലിയൊന്നുമില്ലാതെ വീട്ടിൽ കൃഷിപ്പണിയുമായി കഴിഞ്ഞിരുന്ന ഞാൻ എസ്.എൻ.ഡി.പി. ഓഫീസിലെത്തിയത്, പിന്നീട് എം.എൽ.എ.യും കോൺഗ്രസ് മന്ത്രിയുമായിത്തീർന്ന ശ്രീ. കെ.ടി. അച്യുതൻ വക്കീലുമായി എന്റെ പിതാവിന് വ്യവഹാരകാര്യവും മറ്റുമായി ഉണ്ടായിരുന്ന അടുത്ത ബന്ധം വഴിയാണ്. തൃശൂർ ചെമ്പൂക്കാവിൽ, ഇപ്പോഴത്തെ സാഹിത്യഅക്കാദമി ഓഫീസിൽ നിന്ന് ഏറെ ദൂരത്തല്ലാതെ, വടക്കേച്ചിറയിലേക്കു നീളുന്ന റോഡിനോട് ചേർന്നായിരുന്നു അച്യുതൻ വക്കീലിന്റെ ഭവനവും ഓഫീസും. വക്കീൽ താമസിച്ചിരുന്ന കെട്ടിടത്തിന്റെ മുകളിലെ നിലയിലായിരുന്നു എസ്.എൻ.ഡി.പി. യോഗം ഓഫീസ്.

പ്രസിഡണ്ട്

എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രസിഡണ്ട്, ശ്രീ. കെ.ആർ.അച്യുതൻ ആയിരുന്നു. എം.എ.ബി.എൽ. ബിരുദധാരിയായ ശ്രീ. അച്യുതൻ കോടതിയിൽ പ്രാക്ടീസ് ചെയ്തിരുന്നില്ല. കുറച്ചുകാലം അദ്ദേഹം കോളേജധ്യാപകനായി ജോലി ചെയ്തിട്ടുണ്ട്. അച്യുതൻ വക്കീലിന്റെ തൊട്ട്, വക്കീലിന്റെ വീടിന്റെ ഇണ എന്നു പറയാവുന്ന ഒരു വീട്ടിലാണ് പ്രസിഡണ്ട് ശ്രീ. കെ.ആർ. അച്യുതൻ താമസിച്ചിരുന്നത്. സുധാകര ഫാർമസി എന്ന സ്ഥാപനം ആ കെട്ടിടത്തിൽ പ്രവർത്തിച്ചു. ശ്രീ. കെ.ആർ. അച്യുതന്റെ സ്വാലനായിരുന്നു വൈദ്യശാലയുടെ ഉടമ. ശാന്തനും മിതഭാഷിയും ആയ യോഗം പ്രസിഡണ്ട് ശ്രീ. അച്യുതന് പ്രസിഡണ്ട് എന്ന നിലയ്ക്കുള്ള

Scanned by CamScanner

ഔദ്യോഗികകാര്യനിർവഹണത്തിൽ സഹായമാവുകയും എന്റെ ജോലിയുടെ ഭാഗമായിരുന്നു.

എസ്.എൻ.ഡി.പി. യോഗം ഓഫീസിലെ എന്റെ മുഖ്യ ജോലി, ഒരു കൂറ്റൻ രജിസ്റ്ററിൽ യോഗാംഗങ്ങളുടെ പേരെഴുതിച്ചേർക്കുകയായിരുന്നു. ആ എഴുത്തുപരിപാടിയെപ്പറ്റിയുള്ള എന്റെ ഒരോർമ്മ, എന്റെ കൈയക്ഷരത്തിന്റെ അഭംഗി കണ്ട് അതിനെ ഞാൻ തന്നെ വെറുത്തതാണ്. വലിയ പുസ്തകത്തിൽ, പരപ്പിൽ എഴുതിക്കണ്ടപ്പോഴാണ് അഭംഗി കണ്ണിൽ കുത്തുന്നതായി ത്തീർന്നത്. പ്രസിഡണ്ട് ശ്രീ. അച്യുതന്റെ കൈയക്ഷരം ഇംഗ്ലീഷും മലയാളവും ഒരുപോലെ-അതിമനോഹരമായിരുന്നു. ശ്രീ കുഞ്ഞയ്യപ്പൻ മാസ്റ്ററുടെ കൈയക്ഷരം, ഭംഗി കൊണ്ടല്ല, അതിന്റെ ചാഞ്ഞ വടിവുകൊണ്ടാണ് എന്നെ ആകർഷിച്ചത്.

പഴയ കൊച്ചി രാജ്യത്ത്, പരക്കേ എസ്.എൻ.ഡി.പി. യോഗത്തിന്റെ ശാഖകൾ സ്ഥാപിച്ചു വരികയായിരുന്നു. യുദ്ധാനന്തരം ഉണ്ടായ സാമൂഹ്യമായ ഉത്ബുദ്ധതയുടെ ഫലമായിരുന്നു അത്. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി സമുദായ സംഘടനകളിൽ സവിശേഷമായ താത്പര്യമെടുക്കാൻ തടങ്ങിയത് 1945 കാലത്താണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് യോഗക്ഷേമസഭയുടെ ആധ്യക്ഷ്യം ഏറ്റെടുത്തകാലം അതാണല്ലോ. കൊച്ചി എസ്.എൻ.ഡി.പി. യിൽ പ്രവർത്തിക്കാൻ കൊച്ചി നഗരത്തിലെ പ്രമുഖ കമ്യൂണിസ്റ്റുകാരനും ട്രേഡ് യൂണിയൻ നേതാവുമായ സ: പി. ഗംഗാധരനെ നിയോഗിച്ചു, കമ്യൂണിസ്റ്റ് പാർട്ടി. ഗംഗാധരൻ എസ്.എൻ.ഡി.പി. യോഗത്തിന്റെ സംഘടനാ സെക്രട്ടറി എന്ന പദവിയാണ് അലങ്കരിച്ചിരുന്നത്. പുലയമഹാസഭ, വേട്ടുവ മഹാസഭ, സാംബവമഹാസഭ, മലബാറിലെയും തിരുവിതാംകൂറിലെയും എസ്.എൻ.ഡി.പി. യോഗങ്ങൾ എന്നിവയും ഊർജ്ജിതമായി പ്രവർത്തിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. ഏറിയും കുറഞ്ഞും അവയുടെയൊക്കെ ഊർജ്ജസ്വലതയുടെ പുറകിൽ കമ്യൂണിസ്റ്റ് സംഘടനാപാടവത്തിന്റെ കരങ്ങളുണ്ടായിരുന്നു.

പിൽക്കാല പാർട്ടി നേതാക്കന്മാർ

കൊച്ചി രാജ്യത്ത് സ: ഗംഗാധരൻ മുൻകൈയെടുത്തു സ്ഥാപിച്ച എസ്.എൻ.ഡി.പി. താലൂക്കു സെക്രട്ടറിമാരൊക്കെ കമ്യൂണിസ്റ്റുകാരോ കമ്യൂണിസ്റ്റ് സഹയാത്രികരോ ആയിരുന്നു. അവരിൽ പലരും പിന്നീട് പ്രശസ്തരായ കമ്യൂണിസ്റ്റു നേതാക്കന്മാരായി അറിയപ്പെട്ടു. കൊച്ചി-കണയന്നൂർ താലൂക്ക് യോഗം സെക്രട്ടറി സ: ടി. കെ. രാമകൃഷ്ണൻ (മുൻ മന്ത്രി) കൊടുങ്ങല്ലൂർ താലൂക്ക് യോഗം സെക്രട്ടറി സ: ടി.എൻ. കുമാരൻ (കമ്യൂണിസ്റ്റ് ഭിന്നിപ്പിനുശേഷം, സി.പി.ഐ.യിൽ തുടർന്നു); മുകുന്ദപുരം താലൂക്കു സെക്രട്ടറി സ: പി.കെ. കുമാരൻ (ഇരിങ്ങാലക്കുടയിലെ പ്രമുഖ സി.പി.ഐ. നേതാവ്); തൃശൂർ താലൂക്ക് യോഗം സെക്രട്ടറി വിദ്വാൻ പി. ശങ്കരൻ (പാർട്ടി സഹയാത്രികൻ; പിന്നീട് പാർട്ടിയോട് തെറ്റി 'എസ്.ആർ.പി.' എന്ന രാഷ്ട്രീയ വേദിക്കു രൂപം കൊടുക്കുന്നതിൽ മുൻനിന്നു പ്രവർത്തിച്ചു); തലപ്പിള്ളി താലൂക്ക് എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി സ: ടി. കെ. കൃഷ്ണൻ (പല പ്രാവശ്യം എം.എൽ.എ. ആയി. സി.പി.എം. നിയമസഭാകക്ഷിയുടെ ചീഫ്‌വിപ്പായിരുന്നിട്ടുണ്ട്) എന്നിവർ അവരിൽ ഉൾപ്പെടുന്നു.

Scanned by CamScanner

നെന്മാറ-ചിറ്റൂർ താലൂക്ക് സെക്രട്ടറി സ്ഥാനം വഹിച്ച ശ്രീ. നാരായണന്റെ പാർട്ടി ബന്ധത്തെപ്പറ്റി എനിക്ക് തിട്ടമായി അറിയില്ല. പാർട്ടി അംഗമോ സഹയാത്രികനോ ആയിരുന്നിരിക്കാം. പിൽക്കാലത്ത്, പാലക്കാട് ജില്ലയുടെ ഭാഗമായിത്തീർന്ന നെന്മാറ-ചിറ്റൂർ പ്രദേശത്ത് കർഷകപ്രസ്ഥാനം വളർത്താൻ കമ്യൂണിസ്റ്റു പാർട്ടി നിയോഗിച്ച സ: വി.വി. രാഘവൻ (മുൻ മന്ത്രിയും ഇപ്പോഴത്തെ എം.പി.യും) ശ്രീ. നാരായണനുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

ട്രോജൻകുതിര

എസ്.എൻ.ഡി.പി. യോഗം പഴയ കൊച്ചി രാജ്യത്ത് കമ്യൂണിസ്റ്റു പാർട്ടിക്ക് ഒരു മികച്ച 'ട്രോജൻകുതിര'യായി ഉപകരിച്ചു. എസ്.എൻ.ഡി.പി. യോഗത്തിന്റെ അനിഷേധ്യനേതാവ് പ്രശസ്തനായ ശ്രീ. സഹോദരൻ അയ്യപ്പൻ ആയിരുന്നു. അയ്യപ്പൻ ഭക്തന്മാരും അനുചരന്മാരും ആയിരുന്നു കൊച്ചി രാജ്യത്തിലെ ഈഴവ സമുദായത്തിൽ ഉത്ബുദ്ധരെന്നു വിവരിക്കപ്പെടാവുന്നവരിൽ വലിയ വിഭാഗം. സംഘടനയുടെ താലൂക്കധികാരകേന്ദ്രങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിടിയി ലൊതുങ്ങിയപ്പോഴും ശാഖാ യോഗങ്ങൾ അയ്യപ്പന്റെ പുറകിൽ ഉറച്ചുനിന്നു.

എസ്.എൻ.ഡി.പി. യോഗത്തിൽ പിന്നീട് സഹോദരൻ അയ്യപ്പന്റെ പക്ഷത്തുള്ളവരും, കമ്യൂണിസ്റ്റുപാർട്ടിയുടെ വരുതിയിൽ നില്ക്കുന്നവരും തമ്മിൽ ഇടച്ചിൽ വന്നുകൂടിയപ്പോൾ (1947-ൽ) സംഘടന മൊത്തത്തിൽ അയ്യപ്പന്റെ പക്ഷത്തേക്കാണ് ചാഞ്ഞത്. കെ.ആർ. അച്യുതനുശേഷം 1946-ൽ സഹോദരൻ അയ്യപ്പൻ എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രസിഡണ്ടായി. തൃശൂർ താലൂക്കിലെ ഈഴവകേന്ദ്രമായ പെരിങ്ങോട്ടുകരയിൽ ആർഭാടമായി നടന്ന വാർഷികയോഗത്തിൽ ആണ് അയ്യപ്പൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്. പിന്നീട് കെ.പി.സി.സി. പ്രസിഡണ്ടും ഗവർണ്ണറുമായിത്തീർന്ന ശ്രീ. കെ.കെ. വിശ്വനാഥൻ അതേ സമ്മേളനത്തിൽ തന്നെ എസ്.എൻ.ഡി.പി. യോഗത്തിന്റെ വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി ശ്രീ. ടി.കെ. കുഞ്ഞയ്യപ്പനും, സംഘടനാ സെക്രട്ടറി സ: പി. ഗംഗാധരനും സ്വസ്വസ്ഥാനങ്ങളിൽ തുടർന്നു.

പതിമൂന്നര സെന്റ്

1946 മേയിലാണ് പെരിങ്ങോട്ടുകരയിലെ സമ്മേളനം നടന്നത്. 1946 ഒക്ടോബറിൽ വയലാർ സമരം. വയലാർ സമരവും എസ്.എൻ.ഡി.പി. യോഗവും തമ്മിൽ ബന്ധപ്പെടുന്നത് സ: പി. ഗംഗാധരന്റെ സ്വാധീനത്തിൻ കീഴിൽ എസ്.എൻ.ഡി.പി. യോഗം ഓഫീസ് വയലാറിൽ നിന്ന് അഭയം തേടിവന്ന സമരഭടന്മാർക്കും നേതാക്കന്മാർക്കും ഇടത്താവളം ആയിത്തീർന്ന നിലയിലാണ്. പലരും വന്നു. പലരും പോയി. അന്ന് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വലിയ അകൽച്ച ഉണ്ടായിരുന്നു. തിരുവിതാംകൂർ ഏതോ ഒരു രാജ്യം. വയലാർ സമരത്തിനു ശേഷം മൂന്നു കൊല്ലം കഴിഞ്ഞിട്ടാണ്, 1949-ൽ, തിരുവിതാംകൂറും കൊച്ചിയും കൂടിച്ചേർന്ന് തിരു-കൊച്ചി സ്റ്റേറ്റ് രൂപംകൊണ്ടത്. പത്രവൃത്താന്തങ്ങൾ ആളുകളുടെ നിത്യ

Scanned by CamScanner

ജീവിതത്തിന്റെ ആദ്യ അജണ്ട ആയിരുന്നില്ല, അന്ന്. വയലാർ എന്ന ഒരു സ്ഥലത്ത് എന്തോ ഭയങ്കരമായ സംഭവമുണ്ടായി. വളരെ ആളുകൾ മരിച്ചു എന്ന അറിവ് പയ്യെ പരന്നു. അതോടൊപ്പം 'പതിമൂന്നരസെന്റ്' എന്ന കുറ്റാരോപണവും.

'പതിമൂന്നരസെന്റ്' എന്ന വാക്ക് ഒരു തർക്കവിഷയമായിരുന്നു. തിരുവിതാംകൂറിലെ ആകെ ഭൂമി എല്ലാ ആളുകൾക്കുമായി പകുത്തുകൊടുത്താൽ ഓരോ ആൾക്കും പതിമൂന്നര സെന്റ് ഭൂമി ലഭിക്കും. വയലാർ സമരം അപ്രകാരം ഭൂമി പകുത്തുകിട്ടാൻ വേണ്ടിയുള്ളതായിരുന്നു എന്നു ചിലർ പറഞ്ഞു. ആരാണിത് ആദ്യം പറഞ്ഞത് എന്നറിയില്ല. പുന്നപ്ര-വയലാർ പോരാട്ടത്തോടു അനുഭാവമില്ലാത്തവരായിരുന്നിരിക്കാം ഈ പ്രസ്താവത്തിന്റെ ഉപജ്ഞാതാക്കൾ. വയലാറിനെപ്പറ്റിയുള്ള സംവാദങ്ങളിലൊക്കെ പതിമൂന്നര സെന്റ് കടന്നുവന്നു. പതിമൂന്നര സെന്റിനുവേണ്ടി ആളുകളെ കൂട്ടത്തോടെ കൊല്ലിച്ചു എന്നു വിമർശകന്മാർ ആരോപിച്ചു. എസ്.എൻ.ഡി.പി. യോഗം ഓഫീസിൽ അമ്മാതിരി ചർച്ചകളും വിവാദങ്ങളും ഉണ്ടായി. എസ്. എൻ.ഡി.പി. യോഗത്തിലെ അയ്യപ്പൻ പക്ഷക്കാർ കമ്യൂണിസ്റ്റുകാരോട് യോജിക്കുന്നവരായിരുന്നില്ല. വിവാദങ്ങളുടെ പശ്ചാത്തലം അതാണ്.

ചോരക്കുളം

എസ്.എൻ.ഡി.പി. യോഗം ഓഫീസിൽ വന്നുപോയ സഖാക്കളിൽ വളരെ പേരുടെ മുഖം എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. അതുകൊണ്ട്, ഇന്നത്തെ അഥവാ പിൽക്കാലത്തെ നേതാക്കളിൽ ആരെങ്കിലും ആ വഴിക്കു വന്നിരുന്നോ എന്നു പറയുക വയ്യ. കൂട്ടത്തിൽ ഒരാളുമായി എനിക്കു കുറെ അടുപ്പമുണ്ടായി. തീർച്ചയായും അയാൾ ഒരു പ്രമുഖ നേതാവായിരുന്നിരിക്കില്ല. അതുകൊണ്ടാണല്ലോ, അയാളെ ഒളിത്താവളങ്ങളിലേയ്ക്കയക്കാതെ എസ്.എൻ.ഡി.പി. യോഗം ഓഫീസിലൽ തങ്ങാൻ വിട്ടത്. വന്നുപോകുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ജോലി അയാളുടേതായിരുന്നിരിക്കാം. എനിക്ക് തിട്ടമായി പറയാനാവില്ല.

ഈ സഖാവ് ഓഫീസിൽ എനിക്ക് ഒരു കൂട്ടുകാരനായി. ഞങ്ങൾ ഒന്നിച്ചിരുന്ന് വയലാർ കഥകൾ പറയുകയും പുറത്തുപോയി ഒന്നിച്ച് ക്ഷേണം കഴിക്കുകയും ചെയ്തു. ചില രാത്രികളിൽ ഞാൻ ഓഫീസിൽ താമസിക്കാറുണ്ടായിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ കൂടുതൽ സംസാരിക്കാനിടവന്നു.

ആ സഖാവ് ആരാകാം? എനിയ്ക്കന്ന് 16-17 വയസ്സ്. ആ സുഹൃത്തിന് ഇരുപതിന്റെ അടുത്ത് പ്രായമുണ്ടായിരിക്കണം. മുടി പറ്റേ വെട്ടിയോ, വടിച്ചു കളഞ്ഞോ ആകാം- ആൾ തലയിൽ ഒരു ടവൽ കെട്ടിയാണ് നടന്നിരുന്നത്. ചെറിയ ഒരു മീശ ഉണ്ടായിരുന്നതായിട്ട് ഓർക്കുന്നു.വയലാർ തുരുത്തിലെ ഏറ്റുമുട്ടലിൽ പങ്കെടുത്ത ആളായിരുന്നു. വയലാർ ഏറ്റുമുട്ടലിന്റെ കർണ്ണാരുന്തുദമായ വിവരണം, ആ ചങ്ങാതിയിൽ നിന്നു ഞാൻ കേട്ടു. വെടിവെച്ചത്, തെങ്ങ് തുളഞ്ഞത് ഒക്കെ എല്ലാവർക്കും അറിയാവുന്നത്. വെടികൊള്ളാതിരിക്കാൻ ചണ്ടിക്കുളങ്ങളിൽ ചാടി മുങ്ങിയ ആളുകളെ കരയ്ക്കു നിന്ന് പട്ടാളക്കാർ വെടിവെച്ചു. വെടികൊള്ളാതിരിക്കാൻ വെള്ള

Scanned by CamScanner

ത്തിൽ മുങ്ങിയാലും, ഏറെനേരം വെള്ളത്തിൽ താണുകിടക്കാനാവില്ലല്ലോ. പൊന്തിവരുമ്പോൾ, തലയ്ക്ക് ഉന്നംവെച്ച് വെടിപൊട്ടി. തവളകളെ വെള്ള ക്കുണ്ടുകളിൽ കല്ലെറിയുന്ന കുട്ടികൾ ചെയ്യുന്നതുപോലെ ഇതും. വയലാർ എന്നു കേൾക്കുമ്പോൾ ആ വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നവർക്കേറ്റ വെടി യുടെ ഒച്ചയാണ് എന്റെ ചെവിയിൽ മുഴങ്ങുക. വയലാറിലെ കുളങ്ങൾ അഥവാ തടാകങ്ങൾ ചോരക്കുളങ്ങളോ ചോരത്തടാകങ്ങളോ ആയി.

ആവേശം

പിന്നീട്, മരിക്കാത്തവരെയും മരിച്ചവരെയും ഒന്നിച്ചു വലിച്ചുകൂട്ടി പെട്രോ ളൊഴിച്ചു തീയിട്ടു. പട്ടാളത്തിന്റെയും പോലീസിന്റെയും പിടിയിൽപ്പെട്ടവർ ചത്തും ജീവച്ഛവങ്ങളായും തുറുങ്കുകളിൽ കിടന്നു.

വയലാർ കമ്യൂണിസ്റ്റ് വൃത്തങ്ങളിൽ വലിയ ഒരാവേശ വസ്തുതയാ യിരുന്നു. വയലാറിനെപ്പറ്റി വികാരവായ്പോടെ എല്ലാവരും സംസാരിച്ചു. വയലാറിനെപ്പറ്റി ഗാനങ്ങളുണ്ടായി, വയലാറിന്റെ അപദാനങ്ങൾ വാഴ്ത്തുന്ന പുസ്തക ങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. വയലാറിലെ ചുടുകാട്ടിൽ പുഷ്പാർച്ചന നട ത്തിയാണ്, കമ്യൂണിസ്റ്റു മന്ത്രിമാർ അധികാരമേറ്റത്.

പിന്നീട്, തൃശൂരിൽ ഒരു കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് "ആ രാത്രി തൻ നിലാവിൽ, വയലാർ പാരിലുയർന്നു....." എന്നാരംഭി ക്കുന്ന പാട്ടു ഞാൻ കേട്ടത്. വിദ്യാർത്ഥി ഫെഡറേഷന്റെ നേതാവായിരുന്ന ശ്രീ. പി.വി. വിജയനാണ് ആ പാട്ടെഴുതിയത് എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. കമ്യൂണിസ്റ്റു യോഗങ്ങളിലൊക്കെ ആ പാട്ട് പാടിയിരുന്നു.

വയലാർ വയലാർ വയലാർ ഹാ!
രോമാഞ്ചമില്ലാതപ്പേർ
പറവാനുമാവതുണ്ടോ?
മറപ്പോരുമുണ്ടോ?

എന്നു തുടങ്ങുന്ന ഗാനവും പ്രചാരം നേടി. ഈ പാട്ടുകൾ കുറേ നാൾ പാടിയശേഷമാണ് ആദ്യത്തെ പാട്ടിന്റെ കാര്യത്തിൽ ഒരു പൂർവ്വപക്ഷ മുയർന്നത്. "ആ രാത്രിതൻ നിലാവിൽ" എന്നു പറഞ്ഞത് ശരിയായില്ല. വയലാർ വെടിവെപ്പിന്റെ നാളുകളിൽ കൃഷ്ണപക്ഷമായിരുന്നു. നിലാവു ണ്ടായിരുന്നില്ല. പാർട്ടിയുടെ ഏതോ ഉന്നതതലത്തിൽ നിന്നു സൂചന കിട്ടി യിട്ടാകാം 'ആ രാത്രിതൻ നിലാവിൽ.....'എന്നു തുടങ്ങുന്ന ഗാനം കമ്യൂ ണിസ്റ്റ് വേദികളിൽ നിന്നു ഉയരുന്നതവസാനിച്ചു. ആ പാട്ട് വിസ്മൃതിയിൽ പ്പെട്ടു, എന്റെ മനസ്സിലൊഴികെ.

ഫ്യൂച്ചറിസ്റ്റ് കാവ്യം

സ: പി. ഭാസ്കരൻ 'വയലാർ ഗർജ്ജിക്കുന്നു' എന്ന സമരകാവ്യം രചിച്ചു. രവി എന്ന പേരാണ് അതിന്റെ പ്രസിദ്ധീകരണത്തിൽ ഭാസ്കരൻ സ്വീകരിച്ചത്. കേരളത്തിൽ വളരെ പ്രചാരം നേടിയ കൃതിയാണ് 'വയലാർ ഗർജ്ജിക്കുന്നു.' എ. ബാലകൃഷ്ണപിള്ള, 'ഫ്യൂച്ചറിസ്റ്റ്' കാവ്യരചനാമാർഗ്ഗമവ ലംബിച്ചു നിർമ്മിച്ച കാവ്യം എന്ന് അതിനെ വാഴ്ത്തി. ബാലകൃഷ്ണപിള്ള മംഗളോദയം മാസികയിൽ എഴുതിയ വിമർശനത്തിലൂടെ ഭാസ്കരന്റെ കൃതി

Scanned by CamScanner

ഒരു പ്രൗഢരചനയായി അംഗീകരിക്കപ്പെട്ടു.

രവിയുടെ കൃതിക്ക് സ: സി. ഉണ്ണിരാജയുടെ വക ഒരു അവതാരിക ഉണ്ടാ യിരുന്നു. വയലാർ കാവ്യത്തിന്റെ പുതിയ പതിപ്പുകളിൽ ആ അവതാരിക കാണുന്നില്ല. എ. ബാലകൃഷ്ണപിള്ളയുടെ മുകളിൽ പറഞ്ഞ വിമർശനത്തിൽ, അവതാരികയിൽ നിന്ന് ഒരു വാക്യം ഉദ്ധരിച്ചിരുന്നു. ആ വാക്യം മാത്രമാകും ഉണ്ണിരാജയുടെ അവതാരികയിൽ ഇന്നവശേഷിക്കുന്നത്. ഭാസ്കരൻ ആ അവതാരിക ഉപേക്ഷിച്ചതു എന്തുകൊണ്ടാണെന്നു മനസ്സിലായില്ല.

"ഈ നിലയിൽ നോക്കുമ്പോൾ ശ്രീ. രവി വയലാറിലെ വീരോചിതമായ സ്വാതന്ത്ര്യസമരത്തെ അതിന്റെ ഉറപ്പുള്ള പശ്ചാത്തലത്തിന്മേൽ തികച്ചും കണ്ണുകൊണ്ടു കാണാവുന്ന വിധത്തിൽ ചിത്രീകരിക്കാതെ, അതിന്റെ ഭാവത്തെ അങ്ങേയറ്റത്തോളം തീപ്പിടിച്ച വിധത്തിൽ ഉജ്ജ്വലമാക്കുകയാണ് ചെയ്തി ട്ടുള്ളുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല." ഇതാണ് ബാലകൃഷ്ണപിള്ള ഉദ്ധരിച്ച അവതാരികയിലെ വാക്യം.

വസ്തുസത്യം

വയലാറിന്റെ വസ്തുസത്യം ഭാസ്കരനു ദഹിച്ചിട്ടുണ്ടാവില്ല. വർഗ്ഗീസ് വൈദ്യൻ പറഞ്ഞതുപോലെയാണെങ്കിൽ, അതു ടി.വി. തോമസിനും, വർഗ്ഗീസ് വൈദ്യനും ദഹിച്ചിട്ടില്ല. 'വയലാർ സ്റ്റാലിൻ' എന്നു വിളിക്കപ്പെട്ട സ: സി.കെ. കുമാരപ്പണിക്കർക്കും അത് ദഹിച്ചിരുന്നില്ലെന്നാണ് മനസ്സിലാവുന്നത്. അതുകൊണ്ട്, ഭാസ്കരൻ തന്റെ കാവ്യത്തിന്റെ രചനയിൽ ആവേശത്തിന്റെ വർണ്ണപ്പൊലിമയിൽ അഭയംതേടി. ഉണ്ണിരാജയുടെ വാക്കുകൾ ആ പരമാർത്ഥം വെളിപ്പെടുത്തി. കേസരി ബാലകൃഷ്ണപിള്ള അത് ചൂണ്ടിപ്പറഞ്ഞു. ഭാസ്കരൻ ആ അവതാരികയുടെ ഭാരം താൻ തുടർന്നു ചുമക്കേണ്ടെന്നു നിശ്ചയിക്കുകയും ചെയ്തു. ഇതാകാം സംഭവിച്ചത്.

അവതാരികയുടെ കാര്യം എന്തുമാകട്ടെ. ഭാസ്കരൻ വയലാർ കാവ്യ ത്തിന്റെ ആമുഖമായിട്ടെഴുതിയ വാക്യങ്ങൾ മനസ്സു പൊള്ളിക്കുന്നവയാണ്. 'രവി'യുടെ കാവ്യം വെളിയിൽ വന്ന കാലത്ത് അതു വായിച്ച് വായിച്ച് കാണാപ്പാഠമാക്കിയവരിൽ ഞാൻ ഉൾപ്പെടുന്നു. കൃതിക്കു കവി എഴുതി ച്ചേർത്ത നാലുപുറം നീണ്ട ആമുഖവും എനിക്കു കാണാപ്പാഠമായിരുന്നു. ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്ന ഞാൻ കൊല്ലാവസാനത്തിലെ 'എലക്കുഷൻ' (elocution) മത്സരത്തിൽ കാവ്യത്തിന്റെ ആമുഖം പറഞ്ഞ് സമ്മാനം നേടുകയുണ്ടായി. അന്ന് ശ്രീ കേരളവർമ്മ കോളേജിൽ അധ്യാ പകനായിരുന്ന ശ്രീ. എൻ.വി. കൃഷ്ണവാരിയർ ഉൾപ്പെട്ട ജഡ്ജിംഗ് കമ്മി റ്റിയാണ് എന്നെ ഒന്നാം സമ്മാനാർഹനായി നിശ്ചയിച്ചത്.

വയലാർ എന്നെ എത്രത്തോളം ആവേശിച്ചിരുന്നു എന്നു സൂചിപ്പി ക്കാനാണ് ഇതു പറഞ്ഞത്. എനിക്ക് വയലാർ ജീവന്റെ അംശമായിരുന്നു. അവിടെ ആരമ്പബലി ചെയ്തവരെപ്പറ്റിയുള്ള എന്റെ സ്മരണ പവിത്രമാണ്.

ജീവഹോമത്തിൽ ധാരാളിത്തം

എങ്കിലും എനിക്കിപ്പോഴും സഹിക്കുന്നില്ല, ആ കൂട്ടക്കുരുതി; ആ ജീവഹോമം, കാലമിത്രയായിട്ടും! വർഗ്ഗീസ് വൈദ്യന്റെ കുറിമാനം എന്റെ

Scanned by CamScanner

മനഃസാക്ഷിയെ തീപ്പിടിപ്പിക്കുന്നു. ഇന്ത്യയിൽ സമരങ്ങളുടെ നായകൻ ഗാന്ധിജിയാണ്. ഏറ്റവും കുറച്ചു മാത്രം പീഡനം-ഇരുഭാഗത്തും-എന്നു ഗാന്ധിജി നിഷ്ഠംവെച്ചു. ബുദ്ധന്റെയും അശോകന്റെയും നാട്ടിൽ അത് സ്വാഭാവികം മാത്രമാണ്, ജീവാഹുതിയിൽ ധാരാളിത്തം കാണിച്ചവർ, ഇന്ത്യയിൽ, വർഗ്ഗീയവാദികളാണ്. ജീവാഹുതിയുടെ ധാരാളിത്ത വിഷയത്തിൽ കമ്യൂണിസ്റ്റുകാർ പിന്നിലല്ല. വയലാറും തെലുങ്കാനയുമൊക്കെ അതിന്റെ തെളിവാണ്. ഇപ്പോൾ കണ്ണൂരും, നാദാപുരവും, തൃശൂരും (ഇപ്പോൾ ഇതു പകർത്തിയെഴുതുമ്പോൾ ചേർത്തതാണ്, ബംഗാളിലെ മിഡ്നാപ്പൂരും) മറ്റും മറ്റും.....

വയലാറിൽ എത്രപേർ മരിച്ചു?

വയലാറിൽ മരിച്ചത് രണ്ടായിരം പേരാണെന്ന് ബ്രിട്ടീഷ് ഇന്റലിജൻസ് ഏജൻസി റിപ്പോർട്ട് ചെയ്തു. ആയിരക്കണക്കിനെന്നാണ് കമ്യണിസ്റ്റു പാർട്ടിയുടെ മുഖപത്രമായ പീപ്പ്ൾസ് എജിലെ റിപ്പോർട്ടിൽ പറഞ്ഞത്. പുന്നപ്ര-വയലാർ സംഭവത്തെപ്പറ്റി ഗവേഷണം നടത്തി പി.എച്ച്.ഡി. ബിരുദം നേടിയ ഡോ. പി.കെ.വി. കൈമൾ തന്റെ ഗവേഷണ പ്രബന്ധത്തിൽ രേഖപ്പെടുത്തിയത്, രണ്ടായിരത്തി അഞ്ഞൂറു പേർ മരിച്ചതായിട്ടാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ കണക്കിൽ ഇരുന്നൂറുപേരേ മരിച്ചിട്ടുള്ളൂ. തിരുവനന്തപുരത്തെ സ്റ്റേറ്റ് ആർക്കൈവ്സിൽ വയലാറിലെ സൈനിക പ്രവർത്തനത്തിന്റെ ചുമതല വഹിച്ച സൈനികമേധാവിയുടെ അനുദിനറിപ്പോർട്ടുകൾ കാണാനില്ലപോൽ! രേഖകൾ ആരോ മുക്കി. ആർ മുക്കി? ആർക്കറിയാം?

ത്യാഗം

'മലയാളം' വാരികയിലെ 'യാത്രക്കിടയിൽ' എന്ന പംക്തിയിൽ ശ്രീ. ടി.എൻ. ജയചന്ദ്രന്റെ ചോദ്യാവലിയിലെ ഒരു ചോദ്യത്തിന് ഞാനിങ്ങനെ ഉത്തരം നൽകി:

"ത്യാഗത്തെപ്പറ്റി പറയുമ്പോൾ, മയ്യഴി നോവലിലെ ദാസനെ ഓർത്തു പോകുന്നു. വയലാറിൽ പിഴച്ചതെവിടെയാണെന്ന് മനസ്സിലായത്, മുകുന്ദന്റെ ആ നോവൽ വായിച്ചപ്പോഴാണ്."

ഇതിനു ഒരു വിശദീകരണം ആവശ്യമുണ്ട്. ദരിദ്രനായ ദാമു റൈറ്ററുടെ മകനായിരുന്നു ദാസൻ. ബുദ്ധിമാനായ ദാസന് സ്കോളർഷിപ്പ് ലഭിച്ചു. പോണ്ടിച്ചേരിയിൽ ഉപരിപഠനത്തിനാണ് ദാസൻ പോയത്. എന്നാൽ, തിരിച്ചുവന്നത് പോരാളിയായിട്ട്; വിപ്ലവകാരിയായിട്ട്. ദാമു റൈറ്റർക്കു മകന്റെ സാഹസത്തോട് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. ആ പിതാവിന്റെ നൈരാശ്യം അദ്ദേഹത്തെ മൂർഖനാക്കി.

മനുഷ്യൻ 'കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ' എന്നുണ്ട്. ദാസനു അത്ര വലിയ ത്യാഗം ചെയ്യാനുള്ള 'ആസ്തി' ഉണ്ടായിരുന്നില്ല. അത് അവന് മനസ്സിലായപ്പോഴേക്ക് വളരെ വൈകിപ്പോയി. അവന്റെ നൈരാശ്യമാണ് അവശേഷിച്ച ജീവിതത്തോടു അവൻ അനുവർത്തിച്ച പ്രതികാരത്തിൽ കണ്ടത്.

പിന്തിരിയാൻ വയ്യാത്ത രാഷ്ട്രീയപ്പോരാട്ടത്തിലേക്ക് ആലപ്പുഴ, ചേർത്തലയിലെ തൊഴിലാളി സമുദായത്തെ തള്ളിവിടാൻ നിർബന്ധിതനായപ്പോൾ

Scanned by CamScanner

ടി.വി തോമസ് കരഞ്ഞു. പട്ടംതാണുപിള്ളയും, ടി.എം. വർഗ്ഗീസും, സി. കേശവനും നയിച്ച് സ്റ്റേറ്റ് കോൺഗ്രസ് തിരുവനന്തപുരത്തു നടത്തേണ്ട സമരം കമ്യൂണിസ്റ്റുകാർ ചാടിക്കയറി ചുമലിലേറ്റി ആലപ്പുഴയിലേക്ക് കൊണ്ടുവരേണ്ടിയിരുന്നില്ല. സ്വാതന്ത്ര്യപ്പോരാട്ടം എല്ലാവരും ചേർന്നു നടത്തേണ്ടതായിരുന്നു. കമ്യൂണിസ്റ്റ് എടുത്തുചാട്ടം പിന്നീട് സോഷ്യലിസത്തിനുവേണ്ടി പോരാടേണ്ടവരെ, അവരോട് പറയാതെ ബലിയാക്കി.

കരയുക

വയലാറിനെപ്പറ്റി ഓർത്താൽ, അലിയുന്ന മനസ്സുള്ളവർ കരയും. വയലാറിനെപ്പറ്റി ഓർത്തു കരയാത്തവർ ആരുള്ളൂ? എന്തു വലിയ കൈത്തെറ്റ്. കരയുകയല്ലാതെ എന്തു ചെയ്യും?

ആ രാത്രിതൻ നിലാവിൽ
വയലാർ പാരിലുയർന്നു.....

മനസ്സു പിടയ്ക്കാതെ ഈ ഗാനശകലം ഓർക്കാൻ ഇപ്പോഴും എനിക്കു കഴിയുന്നില്ല.

(1999)

Scanned by CamScanner